LIBRARY ARCHIVES Kerala Legislative Assembly

യാതൊരു കാരണവശാലും അംഗീകാരം നൽകാൻ കഴിയില്ല എന്ന് 26-3-2003-ന് ന്യൂഡൽഹിയിൽ വച്ച് നടന്ന ദേശീയ ജലവികസന ഏജൻസിയുടെ ജനറൽ ബോഡി യോഗത്തിൽ സംബന്ധിച്ച സംസ്ഥാന ജലവിഭവ വകുപ്പ് മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. പമ്പ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് 11-ാം കേരള നിയമസഭ ഒരു ഉപക്ഷേപം പാസ്സാക്കുകയുണ്ടായി. പമ്പ, അച്ചൻകോവിൽ നദികൾ അന്തർ സംസ്ഥാന നദികളല്ല എന്നും ആയതിനാൽ കേരളത്തിലെ നദികളിലെ ജലം മറ്റൊരു സംസ്ഥാനത്തിലേക്ക് തിരിച്ചുവിടാൻ അവകാശമില്ലായെന്നും കേരളം ദേശീയ ജലവികസന ഏജൻസിയെ ധരിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് കേന്ദ്രത്തോട് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെടുന്ന നിവേദനം കേന്ദ്ര ജലവിഭവ മന്ത്രിക്കും പ്രധാനമന്ത്രിക്കും കേരളം സമർപ്പിച്ചിട്ടുണ്ട്. കേരളം സന്ദർശിച്ച കൃഷികാര്യം സംബന്ധിച്ച പാർലമെന്ററി കമ്മിറ്റി മുമ്പാകെയും ഈ പദ്ധതി ഉപേക്ഷിക്കണമെന്ന ആവശ്യം കേരളം ഉന്നയിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മൂലമറ്റത്തുനിന്നും ടണൽ വഴി വെള്ളം എത്തിക്കുവാൻ നടപടി

72 [1902] *ശ്രീ. എം. മുരളി:*
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. മുഹമ്മദാലി:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മൂലമറ്റത്ത് നിന്നും ടണൽ വഴി വെള്ളം എത്തിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഈ പദ്ധതിയുടെ പ്രായോഗികതയെപ്പറ്റി പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തിയോ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിക്ക് ഇപ്പോൾ ഉദ്ദേശ്യമില്ല.

(ബി)---(ഡി) ചോദ്യം ഉദിക്കുന്നില്ല.